പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1402 | 21/03/2012-ൽ മറുപടിക്ക്

## പറമ്പിക്കുളത്തെ ആദിവാസി കുടുംബങ്ങൾ

ചോദ്യം | മറുപടി

ശ്രീ.വി.ചെന്താമരാക്ഷൻ : | കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പറമ്പിക്കുളത്തെ എത്ര ആദിവാസി കുടുംബങ്ങൾക്കാണ് സ്വന്തമായി ഭൂമി ഉള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | പറമ്പിക്കുളം മേഖലയിലെ 358 കുടുംബങ്ങൾക്ക് 2006-ലെ വനാവകാശ നിയമ പ്രകാരം ഭൂമിയുടെ കൈവശരേഖ നൽകിയിട്ടുണ്ട്. |
| (ബി) | ഇനി എത്ര കുടുംബങ്ങൾക്കാണ് ഭൂമി നൽകാനുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | 153 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കൂടി ഭൂമി പതിച്ചു നൽകാനുണ്ട്. |
| (സി) | ആയത് എന്ന് നൽകുമെന്നും, അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും വിശദമാക്കുമോ? | (സി) | 2006-ലെ വനാവകാശ നിയമമനുസരിച്ചു കൈവശാവകാശ രേഖ നൽകാനുള്ള 153 പട്ടികവർഗ്ഗ കുടുംബത്തിനും ഭൂമി ഉണ്ട്. 123 പട്ടികവർഗ്ഗ കുടുംബങ്ങൾ പറമ്പിക്കുളം കടുവ വളർത്തൽ സങ്കേതത്തിൽപ്പെട്ടതായതിനാലും 30 കുടുംബത്തിന്റെ കൈവശഭൂമി സംബന്ധിച്ച് കേസുള്ളതിനാലും കൈവശരേഖ നൽകാനായിട്ടില്ല. ടി സ്ഥലത്തുനിന്നും മാറി താമസിക്കുന്നതിനു ഇവർ സന്നദ്ധരായിട്ടില്ലാത്തതിനാൽ പകരം ഭൂമി കണ്ടെത്തി നൽകാനായിട്ടില്ല. |

സെക്ഷൻ ഓഫീസർ